(സി) കിലയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കായി നടത്തിവരുന്ന പരിശീലനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരിശീലനത്തിനായി സംഘടനാ സംവിധാനവും പ്രവർത്തനവും സംബന്ധിയായി ഒരു കൈപ്പുസ്തകം കുടുംബശ്രീ തയ്യാറാക്കുകയും ആവശ്യമായ ഫാക്കൽറ്റികളെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും ജനപ്രതിനിധികൾക്കും കുടുംബശ്രീ പങ്കാളിത്തത്തോടെ പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട് കൂടാതെ പഞ്ചായത്തുതല വിലയിരുത്തൽ സമിതികൾക്ക് കുടുംബശ്രീ പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള മാസചന്ത, ബ്രാന്റിംഗ്/പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നീ സംവിധാനങ്ങൾക്ക് പുറമെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കെട്ടിടം അനുവദിക്കുന്ന പ്രദേശങ്ങളിൽ കുടുംബശ്രീയുടെ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി

1*(*41) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ : തടവുകാരുടെ ചാടിപ്പോകൽ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അതിസുരക്ഷാ ജയിൽ സ്ഥാപിക്കണമെന്ന ആവശ്യം സാദ്ധ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെ അതിസുരക്ഷാ ജയിലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(സി) ഈ സാമ്പത്തികവർഷം ഇത്തരം അതിസുരക്ഷാ ജയിലിന്റെ നിർമ്മാണത്തിനായി എത്ര തുക വിനിയോഗിക്കാനാകും എന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതുതായി സ്ഥാപിക്കുന്ന അതിസുരക്ഷാ ജയിലിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുക എന്ന് വിശദമാക്കുമോ;

(ഇ) ഇത്തരം സുരക്ഷാ ജയിലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ എന്തൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായ സഹകരണങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ&ബി)പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കേരളത്തിൽ ഒരു അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) അതിസുരക്ഷാ ജയിൽ നിർമ്മിക്കുന്നതിനുള്ള അങ്കൾ തയ്യാറാക്കിയിട്ടില്ല.

(ഡി) അതിസുരക്ഷാ ജയിലിൽ താഴെ പറയുന്ന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(1) ചുറ്റുമതിലിന് മുകളിൽ വൈദ്യുതി പ്രവഹിക്കുന്ന കമ്പി വേലി

(2) വാച്ച് ടവറുകൾ

(3) ഫ്ളഡ് ലൈറ്റുകൾ

(4) ഡോർഫ്രെയിം മെറ്റൽ ഡിക്റ്റക്ടറുകൾ

(5) ഹാൻഡ്ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ

(6) ബോഡി സ്കാനർ

(7) ജയിലിനുള്ളിൽ സായുധരായ പാറാവുകാർ

(8) ജയിൽ കോമ്പൗണ്ടിൽ സായുധ പോലീസ് സുരക്ഷാ സംവിധാനം

(9) മൊബൈൽ ഫോൺ ജാമറുകൾ

(10) സൂക്ഷ്മ നിരീക്ഷണത്തിനായി ക്ലോസ്ഡ് സർക്യൂട്ട് ടി. വി. സംവിധാനം

(11) തടവുകാരെ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ കോടതി മുൻപാകെ ഹാജരാക്കുന്ന സംവിധാനം.

(ഇ) അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പ്, ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനാലിസിസ് വിംഗ് തുടങ്ങി ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെ സഹായസഹകരണങ്ങൾ തേടുന്നതാണ്.

അന്യ സംസ്ഥാന ലോട്ടറികളുടെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പോലീസ് അന്വേഷണം

12(*42) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിജിലൻസും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികളുടെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) വിൽക്കാത്ത ടിക്കറ്റിന്റെ സമ്മാനം ലോട്ടറി പ്രൊമോട്ടർമാർ സ്വന്തമായി എടുക്കുന്നത് കള്ളപ്പണം വെളുപ്പിക്കാനും തീവ്രവാദ പ്രവർത്തനം നടത്തുന്നതിനും ഉപയോഗിക്കുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly